LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വെയും ലാന്റ് റവന്യൂ വകുപ്പിൽ 1-3-2014, 1-6-2014 എന്നീ തീയതികളിൽ ഉണ്ടായ രണ്ട് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്.

(ബി&സി) സ്ഥാനക്കയറ്റത്തിലൂടെ ഉണ്ടാകുന്ന ഒഴിവുകൾകൂടി കണക്കാക്കേണ്ടതുള്ളതിനാൽ ഡി.പി.സി.(ഹയർ) കൂടിയശേഷമേ ഡി.പി.സി. (ലോവർ) കൂടുവാൻ കഴിയുകയുള്ളൂ. ഡി.പി.സി. (ഹയർ) കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കയർഗ്രാമം

211 (7182) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസവുമായി ബന്ധപ്പെടുത്തി കയർഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃകാ കയർഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളും കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ, സ്വകാര്യസംരംഭകർ തുടങ്ങി കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും സഹകരണത്തോടുകൂടി പദ്ധതി നടപ്പാക്കണമെന്നതാണ് ഉദ്ദേശ്യം.

(ബി) കേരള കയറിനെ അതിന്റെ തനത് രീതിയിൽ അവതരിപ്പിക്കുന്നതിലേയ്ക്കായി ഒരു കയർഗ്രാമം രൂപീകരിക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. നാളികേരത്തിന്റെ ഉപോൽപ്പന്നമായ തൊണ്ടിൽ നിന്നും ചകിരി വേർപെടുത്തുന്നതുമുതൽ ആകർഷകങ്ങളായ വിവിധയിനം കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിലേക്കായി മനുഷ്യ നിർമ്മിതവും

യന്ത്രനിർമ്മിതവുമായ ഒട്ടനവധി പ്രക്രിയകൾ ആവശ്യമായിട്ടുണ്ട്. ഈ പ്രക്രിയകൾ സഞ്ചാരികൾക്കായി സജ്ജീകരിക്കുന്നതോടൊപ്പം കയറുൽപ്പന്നങ്ങളുടെ വിപണനവും ഇതിലൂടെ ലക്ഷ്യമിടുന്നു. കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ന്യായമായ വേതനം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു.

(സി) സ്ഥലം ലഭ്യമായി അതിനനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. ഉൽപ്പന്നങ്ങൾ സ്വദേശ വിദേശ സഞ്ചാരികൾക്കും പരിചയപ്പെടുത്തി വിപണനം മെച്ചപ്പെടുത്തുക എന്നാണ് പൊതുവായി ഉദ്ദേശിക്കുന്നത്.

(ഡി) സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

കയർമേഖലയുടെ പുനരുജ്ജീവനം

212 (7183) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയിൽ ഇപ്പോൾ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന എത്ര സംഘങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 3 വർഷത്തിനിടെ എത്ര കയർ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടു എന്നുള്ള വിശദാംശം നൽകുമോ ;

(ഡി) ലിക്വിഡേറ്റ് ചെയ്യപ്പെട്ട സംഘങ്ങളിലെ തൊഴിലാളികളിൽനിന്നും പിരിച്ചെടുത്ത ത്രിഫ്റ്റ്സംഖ്യ തൊഴിലാളികൾക്ക് തിരിച്ചുകൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കയർ വ്യവസായത്തിലെ എല്ലാ മേഖലകളിലുമായി ഇപ്പോൾ 484 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു :

ക്രമ നമ്പർ	കയർപ്രോജക്ട് ഓഫീസ് പ്രതിനിധീകരിക്കുന്ന ജില്ല	എണ്ണം
(1)	(2)	(3)
1	ചിറയിൻകീഴ്(തിരുവനന്തപുരം ജില്ല)	43
2	കൊല്ലം (കൊല്ലം, പത്തനംതിട്ട ജില്ലകൾ)	74
3	കായംകുളം (ആലപ്പുഴ ജില്ല)	77
4	ആലപ്പുഴ (ആലപ്പുഴ ജില്ല)	135

LIBRARY ARCHIVES Kerala Legislative Assembly